REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 04-10-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി 62,000 കോടിയിൽപ്പരം രൂപയുടെ യുവകേന്ദ്രീകൃത സംരംഭങ്ങൾക്ക് ഇന്ന് തുടക്കമിടും.**
- **രണ്ടു വയസ്സിൽ കുറഞ്ഞ കുട്ടികൾക്ക് ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ ചുമ സിറപ്പോ, ജലദോഷ മരുന്നുകളോ നൽകരുതെന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദ്ദേശം.**
- **സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരീക്ഷകൾ കൂടുതൽ സുതാര്യവും, സുരക്ഷിതവും, സൗകര്യപ്രദവുമാക്കാൻ SSC തീരുമാനം.**
- **ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്ന 'മലയാളം വാനോളം, ലാൽസലാം' പരിപാടി വൈകീട്ട് തിരുവനന്തപുരത്ത്.**
- **മുതിർന്ന മാധ്യമ പ്രവർത്തകൻ TJS ജോർജ് അന്തരിച്ചു. സംസ്കാരം നാളെ.**
- **ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ മികച്ച സ്കോറിലേക്ക്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി 62,000 കോടിയിൽപ്പരം രൂപയുടെ യുവകേന്ദ്രീകൃത സംരംഭങ്ങൾക്ക് ഇന്ന് തുടക്കമിടും. യുവജനങ്ങളിലെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്ന 'PM-സേതു' പദ്ധതിയിൽ രാജ്യത്തെ ആയിരം ITI കളുടെ മെച്ചപ്പെടുത്തലാണ് ഇവയിലൊന്ന്.

34 സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും നവോദയ വിദ്യാലയങ്ങളിലും, ഏകലവ്യ റസിഡൻഷ്യൽ സ്കൂളികളിലും സ്ഥാപിക്കുന്ന 1,200 തൊഴിലധിഷ്ഠിത സ്കിൽ ലാബുകളും പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. ബിഹാറിൽ അഞ്ച് ലക്ഷം ബിരുദധാരികൾക്ക് രണ്ട് വർഷം, മാസത്തിൽ ആയിരം രൂപ വീതം നൽകുന്ന പദ്ധതിയും നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞമാസം 22 നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണത്തിന്റെ ഭാഗമായ ലാഭോത്സവം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. സാധനങ്ങൾക്കും സേവനങ്ങൾക്കും നികുതി നിരക്ക് കുറച്ചതിലൂടെ ജനങ്ങൾക്ക് ഗണ്യമായ ആശ്വാസമാണ് ലഭിക്കുന്നത്. തുകലിന്റേയും പാദരക്ഷകളുടെയും GST-യിൽ ഉണ്ടായ കുറവിനെ കുറിച്ച് ഒരു റിപ്പോർട്ട്...

........(വോയ്സ്).........

വരുംതലമുറ GST പരിഷ്കാരങ്ങൾ പ്രകാരം, തുകൽ, പാദരക്ഷ ഉൽപ്പന്നങ്ങളുടെ നികുതി നിരക്കുകൾ ഗവൺമെന്റ് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെ വില വരുന്ന പാദരക്ഷകൾക്ക് ഇപ്പോൾ 5 ശതമാനം മാത്രമാണ് GST. ഇതോടൊപ്പം ഷമോ ലെതർ, കോമ്പോസിഷൻ ലെതർ, ലെതർ ഫൈബർ തുടങ്ങിയ തുകൽ ഉൽപ്പന്നങ്ങളുടെ നികുതിയും അഞ്ച് ശതമാനമായി കുറച്ചു.

നികുതി നിരക്കിലെ ഗണ്യമായ കുറവ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതൽ പ്രാപ്യമാക്കുക മാത്രമല്ല, ഉൽപ്പാദനം വർദ്ധിപ്പിക്കുകയും യുവ സംരംഭകരെ പിന്തുണയ്ക്കുകയും ചെയ്യും.

✪✪✪

രണ്ടു വയസ്സിൽ കുറഞ്ഞ കുട്ടികൾക്ക് ചുമ സിറപ്പോ, ജലദോഷ മരുന്നുകളോ ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ നൽകരുതെന്ന് കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. അഞ്ചിനു താഴെ പ്രായക്കാർക്ക് കഫ് സിറപ്പും, ഒന്നിലേറെ മരുന്നുകൾ അടങ്ങിയ സംയുക്തങ്ങളും നൽകുന്നതിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു. മിക്ക കുട്ടികളിലെയും ചുമ മരുന്ന് ഇല്ലാതെ തന്നെ ഭേദമാകുന്നവയാണെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

✪✪✪

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരീക്ഷകൾ കൂടുതൽ സുതാര്യവും, സുരക്ഷിതവും, സൗകര്യപ്രദവുമാക്കുന്നതിന് നിരവധി പരിഷ്ക്കരണങ്ങൾ നടപ്പാക്കാൻ SSC തീരുമാനിച്ചു. ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ചോദ്യപേപ്പറും, അവയ്ക്ക് നൽകിയ ഉത്തരവും, ശരിയായ ഉത്തരവും ഓൺലൈനായി ലഭ്യമാക്കുന്ന സംവിധാനമാണ് ഇവയിൽ പ്രധാനം. ഇതുവഴി ഉത്തരസൂചികയിലെ പിഴവുകൾ കണ്ടെത്താനും, അവ തെളിവായി സൂക്ഷിക്കാനും കഴിയും.

ചോദ്യപേപ്പറുകളുടെ വെളിപ്പെടുത്തലും വിതരണവും, സംശയാസ്പദ ചോദ്യങ്ങൾക്ക് 50 രൂപ മുതൽ 100 രൂപ വരെ ഫീസ് കുറയ്ക്കുന്ന സംവിധാനം, ആധാർ ഓതന്റിക്കേഷൻ എന്നിവയും കമ്മീഷൻ നടപ്പാക്കും. അടുത്ത് പൂർത്തിയായ ബിരുദതല പരീക്ഷയുടെ ഒന്നാംഘട്ടത്തിനു മുതൽ പരിഷ്ക്കരണങ്ങൾ ബാധകമാണ്.

✪✪✪

ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്ന 'മലയാളം വാനോളം, ലാൽസലാം' പരിപാടി വൈകീട്ട് തിരുവനന്തപുരത്ത് നടത്തും. സെൻട്രൽ സ്റ്റേഡിയത്തിലെ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന ഗവൺമെന്റിന് വേണ്ടി മോഹൻലാലിനെ ആദരിക്കും. പരിപാടിയിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

✪✪✪

ശബരിമലയിലെ സ്വർണ്ണം സംരക്ഷിക്കുന്നതിൽ ദേവസ്വം ബോർഡിന്റേയും ഗവൺമെന്റിന്റേയും ഭാഗത്ത് ഗുരുതര വീഴ്ച സംഭവിച്ചെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആരോപിച്ചു. സ്വർണ്ണം നഷ്ടപ്പെടാനുണ്ടായ സാഹചര്യം അന്വേഷിക്കണമെന്നും, ഉത്തരവാദികൾക്കെതിരെ കർശന നടപടിയെടുക്കണമെന്നും അദ്ദേഹം കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

കോട്ടയം മെഡിക്കൽ കോളജ് കെട്ടിടത്തിന്റെ ഭാഗം ഇടിഞ്ഞുവീണ് മരിച്ച വൈക്കത്തെ ബിന്ദുവിന്റെ മകൻ നവനീതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിയമന ഉത്തരവ് നൽകി. ദേവസ്വം ബോർഡ് മരാമത്ത് വിഭാഗത്തിൽ തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികയിലാണ് നിയമനമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു.

✪✪✪

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, പൂജാ ബമ്പർ ടിക്കറ്റിന്റെ പ്രകാശനവും ഇന്ന് നടത്തും. തിരുവനന്തപുരത്ത് ഉച്ചയ്ക്ക് മന്ത്രി K.N ബാലഗോപാൽ നറുക്കെടുപ്പും, പ്രകാശനവും ഉദ്ഘാടനം ചെയ്യും.

✪✪✪

മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ TJS ജോർജ് അന്തരിച്ചു. അദ്ദേഹത്തിന് 97 വയസ്സായിരുന്നു. മണിപ്പാലിലെ ആശുപത്രിയിൽ ഇന്നലെ വൈകിട്ടായിരുന്നു അന്ത്യം. പത്രാധിപർ, കോളമിസ്റ്റ്, ജീവചരിത്രകാരൻ എന്നീ നിലകളിൽ അദ്ദേഹം മാധ്യമരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു.

കാൽനൂറ്റാണ്ടോളം 'ദ ന്യൂ ഇന്ത്യൻ എക്സ്പ്രസി'ൽ എഴുതിയിരുന്ന 'പോയന്റ് ഓഫ് വ്യൂ' എന്ന കോളം TJS ജോർജിനെ വായനക്കാരുടെ പ്രിയങ്കരനാക്കി. ‘NOW IS THE TIME TO SAY GOODBYE’ എന്ന തലക്കെട്ടിലാണ് കോളത്തിന്റെ അവസാന ലക്കം എഴുതി മൂന്ന് വർഷം മുമ്പ് സജീവ പത്രപ്രവർത്തനത്തിൽനിന്ന് അദ്ദേഹം പിൻവാങ്ങിയത്.

പത്രപ്രവർത്തക ജീവിതത്തെ അടിസ്ഥാനമാക്കി അദ്ദേഹം എഴുതിയ 'ഘോഷയാത്ര' പുസ്തകവും V.K. കൃഷ്ണമേനോൻ, നർഗീസ്, MS.സുബലക്ഷ്മി, സിംഗപ്പൂർ മുൻ പ്രസിഡന്റ് ലീക്വാൻയൂ എന്നിവരേക്കുറിച്ച് എഴുതിയ ജീവചരിത്ര ഗ്രന്ഥങ്ങളും ശ്രദ്ധേയമായിരുന്നു.

2011-ൽ രാജ്യം അദ്ദേഹത്തെ പദ്മഭൂഷൺ നൽകി ആദരിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ സ്വദേശാഭിമാനി-കേസരി പുരസ്കാരവും 2019-ൽ അദ്ദേഹത്തിന് ലഭിച്ചു. സംസ്കാരം നാളെ ബംഗലൂരുവിലെ ഹെബ്ബാൾ ശ്മശാനത്തിൽ നടത്തും.

✪✪✪

TJS ജോർജ്ജിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ഇന്ത്യൻ മാധ്യമ ചരിത്രത്തിലെ ഒരു സുപ്രധാന അധ്യായമാക്കി പത്രാധിപ ജീവിതത്തെ മാറ്റാൻ കഴിഞ്ഞ പ്രഗത്ഭ മാധ്യമപ്രവർത്തകനായിരുന്നു TJS ജോർജെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് വ്യക്തമായ മേൽക്കൈ. രണ്ടാം ദിവസം കളി അവസാനിക്കുമ്പോൾ അഞ്ച് വിക്കറ്റിന് 448 റൺസെടുത്ത ഇന്ത്യ 286 റൺസ് ലീഡ് നേടിയിട്ടുണ്ട്. ഇന്ത്യൻ ഇന്നിംഗ്സിൽ രണ്ടാം ദിവസം മൂന്ന് സെഞ്ച്വറികൾ പിറന്നു. രാഹുലും, ജഡേജയും, ജുറേലും നേടിയ സെഞ്ച്വറികളാണ് ഇന്ത്യയ്ക്ക് വൻലീഡ് നേടിക്കൊടുത്തത്. 104

റൺസെടുത്ത ജഡേജയും, ഒൻപത് റൺസെടുത്ത വാഷിംഗ്ടൺ സുന്ദറുമാണ് ക്രീസിൽ. ആദ്യ ഇന്നിംഗ്സിൽ വെസ്റ്റിൻഡീസ് 162 റൺസിന് പുറത്തായിരുന്നു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ സീസൺ രണ്ടിലെ രണ്ടാം മൽസരത്തിൽ മലപ്പുറം FC ക്ക് വിജയം. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ തൃശൂർ മാജിക് FC യെ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് മലപ്പുറം FC യുടെ ജയം.

നാളെ തിരുവനന്തപുരം കൊമ്പൻസ്, കണ്ണൂർ വാരിയേഴ്സ് FC യെ നേരിടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മസ്തിഷ്ക മരണം സംഭവിച്ച കോഴിക്കോട്ടെ K അജിത അവയവദാനത്തിലൂടെ ആറ് ജീവിതങ്ങൾക്ക് തുണയായി. അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളെ മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. ഒക്ടോബർ രണ്ടിന് ഹൃദയാഘാതത്തെ തുടർന്നാണ് അജിതയ്ക്ക് മസ്തിഷ്ക മരണം ഉണ്ടായത്.

✪✪✪

കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ആദ്യ സ്റ്റാൾ മയ്യിലിൽ പ്രവർത്തനം തുടങ്ങി. ജില്ലയിൽ ആറ് ഔട്ട് ലെറ്റുകൾ ഉടൻ ആരംഭിക്കും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

........(വോയ്സ്)..........

✪✪✪

കാസർകോട് ജില്ലയെ മന്ത്രി വീണാജോർജ് അതിദാരിദ്ര്യമുക്ത ജില്ലയായി പ്രഖ്യാപിച്ചു. 2,072 കുടുംബങ്ങളെ കണ്ടെത്തി, അവർക്ക് വീടും, വരുമാനമാർഗ്ഗങ്ങളും ഉൾപ്പെടെ സൗകര്യങ്ങൾ നൽകി ദാരിദ്ര്യമുക്തമാക്കുകയായിരുന്നുവെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കാസർകോട് പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 'പാലാഴി' പദ്ധതി ക്ഷീരകർഷകരുടെ ഉന്നമനത്തിന് മാതൃകാപരമാണെന്ന് മന്ത്രി J ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയുടെ പ്രഖ്യാപനവും, ഉദ്ഘാടനവും നടത്തുകയായിരുന്നു മന്ത്രി. കേരളത്തിന്റെ

ക്ഷീരമേഖല ലാഭത്തിന്റെ പാതയിലാണെന്ന് മന്ത്രി പറഞ്ഞു. പെർളയിൽ ജില്ലാതല ക്ഷീരകർഷക സംഗമവും മന്ത്രി ഉദ്ഘാടനം ചെയ്തു.

മറ്റൊരു ചടങ്ങിൽ സഹകരണ സംഘം ക്ഷേമബോർഡ് അംഗങ്ങളുടെ മക്കൾക്ക്, വിദ്യാഭ്യാസ സ്കോളർഷിപ്പും, ക്യാഷ് അവാർഡും മന്ത്രി സമ്മാനിച്ചു.

✪✪✪

നിയമസഭാ സ്പീക്കർ A.N ഷംസീർ ഇന്ന് കോഴിക്കോട് ജില്ലയിലെ ഏതാനും പരിപാടികളിൽ പങ്കെടുക്കും. രാവിലെ കക്കോടി പ്രിൻസ് ഓഡിറ്റോറിയത്തിൽ എലത്തൂർ നിയോജകമണ്ഡലം പരാതി പരിഹാര അദാലത്ത് സ്പീക്കർ ഉദ്ഘാടനം ചെയ്യും. ടൗൺ ഹാളിൽ P.V ഗംഗാധരൻ ഫോട്ടോ അനാച്ഛാദനത്തിലും, അനുസ്മരണ പരിപാടിയിലും ഷംസീർ സംബന്ധിക്കും.

✪✪✪

താമരശ്ശേരി ചുരം ഒൻപതാം വളവിൽ പാറയിടിച്ചിലുണ്ടായ സ്ഥലം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സംഘം നേരിട്ട് പരിശോധിച്ചു. പ്രദേശത്ത് തുടർ അപകടങ്ങൾ തടയുന്നതിന് താൽക്കാലികവും, സ്ഥിരവുമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്ന് അവർ അറിയിച്ചു.

✪✪✪

കേരളം ഭരിച്ച ഇരു മുന്നണികളും സംസ്ഥാനത്തെ കടക്കെണിയിലേക്ക് തള്ളി വിട്ടിരിക്കുകയാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് പറഞ്ഞു. കേരളം പരാശ്രയത്തിന്റെ സംസ്ഥാനമായി മാറിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ സമ്പൂർണ്ണ നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സൗത്ത് ജില്ലാ കമ്മിറ്റി നേതൃയോഗവും സുരേഷ് തലശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു.

✪✪✪

വടകരയിൽ ഗാന്ധിഫെസ്റ്റിന് തുടക്കമായി. സമാജ് വാദി ജൻപരിഷത്ത് ദേശീയ സംഘടനാ സെക്രട്ടറി അഫ്ലാത്തൂൺ ഉദ്ഘാടനം ചെയ്തു. മൂന്നു ദിവസത്തെ ഫെസ്റ്റിൽ ഒട്ടേറെ പ്രഭാഷണങ്ങളും, സംവാദങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

---


*News Editor : ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*